പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -4481      22.07.2015 ൽ മറുപടിയ്ക്ക്

## ഉഴവൂർ മോനിപ്പള്ളി ജോസഫ് കര്യന്റെ കൊലപാതകം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മോൻസ് ജോസഫ് | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ ഉഴവൂർ പഞ്ചായത്ത് മോനിപ്പള്ളി വില്ലേജിൽ ജോസഫ് കര്യൻ എന്ന ബേബിയുടെ കൊലപാതകത്തെക്കുറിച്ചുള്ള പോലീസ് അന്വേഷണത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;<br><br>(ബി) ഈ കൊലപാതകത്തെ സംബന്ധിച്ചുള്ള ക്രൈംബ്രാഞ്ച് അന്വേഷണം ഏതുഘട്ടത്തിലാണ്; ഈ അന്വേഷണത്തിലൂടെ യഥാർത്ഥ പ്രതികളെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ ;<br><br>(സി) അന്വേഷണത്തിനായി സ്പെഷ്യൽ ടീമിനെ നിയമിച്ചിട്ടുണ്ടോ ; ആരൊക്കെയാണ് ടീം അംഗങ്ങൾ എന്നും അന്വേഷണം പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ അതിന്റെ തുടർ നടപടിയും വിശദമാക്കുമോ ? | (എ), (ബി) & (സി) ഇതു സംബന്ധിച്ച് കടുത്തുരുത്തി പോലീസ് സ്റ്റേഷനിൽ ക്രൈം നം. 207/2014 u/s 174 CrPC പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും, കൃത്യ സ്ഥലം കുത്താട്ടുകുളം പോലീസ് സ്റ്റേഷൻ പരിധിയിൽ ആകയാൽ കേസ് കുത്താട്ടുകുളം പോലീസിന് കൈമാറുകയും ക്രൈം നം 231/2014 ആയി കുത്താട്ടുകുളം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും പ്രതി ജയിസൺ പീറ്റർ എന്നയാളെ 3.3.2015 ൽ ഐ.പി.സി 304 വകുപ്പ് പ്രകാരം അറസ്റ്റ് ചെയ്ത് പിറവം സി.ഐ അന്വേഷണം നടത്തി വരവെ സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവ് പ്രകാരം തുടർ അന്വേഷണത്തിനായി ക്രൈംബ്രാഞ്ച്, വിഭാഗത്തിന് കൈമാറുകയും എറണാകുളം ക്രൈംബ്രാഞ്ച് HHW-II യൂണിറ്റ് ഡിറ്റക്റ്റീവ് ഇൻസ്പെക്ടർ ശ്രീ.പി.കെ. രാജുവിന്റെ നേതൃത്വത്തിലുള്ള അന്വേഷണ സംഘം ടി കേസ് ഊർജിതമായി അന്വേഷണം നടത്തി വരികയും ചെയ്തു വരുന്നു. കേസന്വേഷണത്തെ ബാധിക്കുമെന്നതിനാൽ കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. |

17/a/LG

സെക്ഷൻ ഓഫീസർ